**Kerala Catholic Bishops' Council (KCBC)**

Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

3.12.2016

All Kerala Press Release
*Ref: 561KCBC/K-6/KPR/DS*

## കെസിബിസി സമ്മേളനം ഡിസംബർ 5 മുതൽ

### കേരള കാത്തലിക് കൗൺസിൽ സമ്മേളനം

### ഡിസംബർ 5-ന്

കൊച്ചി: കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ സമ്മേളനം 5,6,7 തീയതികളിലായി കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സിയിൽ നടക്കും. കേരള കാത്തലിക് കൗൺസിലിന്റെയും കെസിബിസിയുടെയും സംയുക്തയോഗം 5-ന് (നാളെ) കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യും. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിക്കും. റവ. ഡോ. ഷാജി ജോർജ് കൊച്ചുതറ സി.എം.ഐ., റവ. ഡോ. ജെയിംസ് ആനാപറമ്പിൽ എന്നിവർ പ്രബന്ധം അവതരിപ്പിക്കും

31 കത്തോലിക്കാ രൂപതകളിൽ നിന്നുള്ള കൗൺസിൽ അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുക്കും.

6, 7 തീയതികളിലായി നടക്കുന്ന കെസിബിസി സമ്മേളനത്തിൽ സഭയും സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യും. കേരള കത്തോലിക്കാസഭയിലെ എല്ലാ മെത്രാന്മാരും സമ്മേളനത്തിൽ പങ്കെടുക്കും.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.